REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-09-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ചരക്ക് സേവന നികുതിയിൽ ഇളവു വരുത്തി വരുംതലമുറ പരിഷ്കരണങ്ങൾ പ്രഖ്യാപിച്ചു. സാധാരണക്കാർക്കും ഇടത്തരക്കാർക്കും ഗുണകരമാകുന്ന തരത്തിൽ GST നിരക്ക് കുറയും.**
- **വരുംതലമുറ GST പരിഷ്കരണത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.**
- **മാനവികതയുടെയും സാഹോദര്യത്തിന്റെയും നേർക്കണ്ണാടിയാണ് ഓണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **തിരുവോണപ്പുലരിയിലേക്ക് ഇനി മണിക്കൂറുകൾ മാത്രം. നാടും നഗരവും മാവേലി മന്നനെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു.**
- **ഏഷ്യാ കപ്പ് ഹോക്കിയിൽ ഇന്ത്യ- കൊറിയ മത്സരം സമനിലയിൽ.**

## വാർത്തകൾ വിശദമായി

ചരക്ക് സേവന നികുതിയിൽ ഇളവുകളും ക്രമീകരണങ്ങളും വരുത്തി കേന്ദ്രഗവൺമെന്റ് വരുംതലമുറ പരിഷ്കരണങ്ങൾ പ്രഖ്യാപിച്ചു. സാധാരണക്കാരും ഇടത്തരക്കാരും ഉപയോഗിക്കുന്ന മിക്ക ഉത്പന്നങ്ങൾക്കും നികുതി നിരക്ക് 18 ശതമാനത്തിൽ നിന്ന് 12 ശതമാനമായി കുറച്ചു. 12 ശതമാനം നികുതി ഈടാക്കിയിരുന്ന ഉത്പന്നങ്ങൾക്ക് അഞ്ച് ശതമാനമായും GST നിരക്ക് കുറച്ചതായി ധനമന്ത്രി നിർമല സീതാരാമൻ അറിയിച്ചു.

<Hold - Voice Insert>

വ്യക്തിഗത ലൈഫ് ഇൻഷുറൻസ് പോളിസി, ആരോഗ്യ ഇൻഷുറൻസ് പോളിസി, തുടങ്ങിയവക്ക് GST ഒഴിവാക്കി. ഈ മാസം 22 മുതൽ നിരക്ക് മാറ്റം നിലവിൽ വരും.

33 ജീവൻ രക്ഷാ മരുന്നുകളുടെ 12 ശതമാനം GST പൂർണമായി എടുത്തുകളഞ്ഞു. ക്യാൻസറിനും മറ്റ് അപൂർവ രോഗങ്ങൾക്കും ഉപയോഗിക്കുന്ന മൂന്ന് മരുന്നുകൾക്ക് ഈടാക്കിയിരുന്ന അഞ്ച് ശതമാനം GSTയും ഒഴിവാക്കി. മറ്റെല്ലാ മരുന്നുകളുടേയും GST 12 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായും കുറച്ചു. മെഡിക്കൽ ഉപകരണങ്ങൾക്ക് GST 18 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായും കുറച്ചിട്ടുണ്ട്.

ഡെസ്ക് റിപ്പോർട്ട്....

------വോയ്സ് ------

ഹെയർ ഓയിൽ, ടോയ്‌ലറ്റ് സോപ്പ്, അലക്ക് സോപ്പ്, ഷാംപു, ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റ്, സൈക്കിൾ, ടേബിൾ വെയർ, അടുക്കള ഉപകരണങ്ങൾ എന്നിവയ്ക്ക് ഇനിമുതൽ അഞ്ച് ശതമാനം മാത്രമായിരിക്കും GST. പാൽ, ചെന കടല, പനീർ എന്നിവയുടെ അഞ്ച് ശതമാനം നികുതിയും ഒഴിവാക്കി. റൊട്ടി ഉത്പന്നങ്ങൾക്കും GST ഒഴിവ് നൽകി. നംകീൻ, ഭൂജിയ, സോസുകൾ, പാസ്ത, ഇൻസ്റ്റന്റ് ന്യൂഡിൽസ്, ചോക്ലേറ്റ്, കാപ്പിപ്പൊടി, ശീതികരിച്ച മാംസം, കോൺഫ്ലേക്സ്, വെണ്ണ, നെയ്യ് എന്നിവയ്ക്ക് അഞ്ച് ശതമാനമായിരിക്കും ഇനി GST.

എയർ കണ്ടീഷണർ, 32 ഇഞ്ചിൽ കൂടിയ ടീവികൾ, ഡിഷ് വാഷറുകൾ, ചെറിയ കാറുകൾ, മോട്ടോർ സൈക്കിളുകൾ എന്നിവയുടെ GST 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചു. കാർഷികോപകരണങ്ങൾക്കും കീടനാശിനികൾക്കും 12 ശതമാനം ഉണ്ടായിരുന്ന GST അഞ്ച് ശതമാനമായി കുറച്ചിട്ടുണ്ടെന്നും നിർമല സീതാരാമൻ പറഞ്ഞു. ലോട്ടറിയുടെയും പുകയില , പാൻമസാല ഉത്പന്നങ്ങളുടേയും GST നിരക്ക് ഉയർത്തിയിട്ടുണ്ട്.

ജനങ്ങൾക്ക് ഏറ്റവും വേഗം ഗുണഫലങ്ങൾ ലഭ്യമാകുന്ന വരുംതലമുറ നികുതി പരിഷ്കരണങ്ങൾ കൊണ്ടുവരണമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നിർദേശപ്രകാരമാണ് നികുതി നിരക്കുകൾ കുറച്ചതെന്ന് നിർമല സീതാരാമൻ മാധ്യമങ്ങളെ അറിയിച്ചു. ന്യൂഡൽഹിയിൽ ഇന്നലെ ചേർന്ന 56-ാമത് GST കൗൺസിൽ യോഗത്തിലാണ് പരിഷ്കരണ തീരുമാനങ്ങൾ ഉണ്ടായത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വരുംതലമുറ GST പരിഷ്കരണത്തെ അഭിനന്ദിച്ചു. സാധാരണക്കാർക്കും, ഇടത്തരക്കാർക്കും, കർഷകർക്കും, MSME കൾക്കും, വനിതകൾക്കും, യുവജനങ്ങൾക്കും പ്രയോജനകരമായ നിരക്ക് ഇളവ് കൊണ്ടുവരണമെന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരുന്നതായി അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. ജനജീവിതം സുഗമമാക്കുന്ന നിർദേശങ്ങളും, GST ക്രമീകരണവും അടങ്ങുന്ന നിർദേശങ്ങൾ ഗവൺമെന്റ് നേരത്തെ തന്നെ തയ്യാറാക്കിയിരുന്നു. വരുംതലമുറ നികുതി പരിഷ്കരണത്തിലെ ഗവൺമെന്റിന്റെ താൽപര്യം സ്വാതന്ത്ര്യദിന പ്രസംഗത്തിൽ ഉന്നയിച്ചിരുന്ന കാര്യം പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

✪✪✪

79-ാം സ്വാതന്ത്ര്യദിന പ്രസംഗത്തിൽ GST പരിഷ്കരണത്തിലെ ഗവൺമെന്റിന്റെ കാഴ്ചപ്പാട് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നതായി കേന്ദ്രസഹമന്ത്രി ഡോ. L മുരുകൻ സമൂഹ മാധ്യമത്തിൽ കുറിച്ചു. ദീപാവലിക്ക് മുമ്പ് തന്നെ ഇതിന്റെ ഗുണങ്ങൾ ജനങ്ങൾക്ക് ലഭിക്കണമെന്നും പ്രധാനമന്ത്രി തീരുമാനിച്ചിരുന്നു. GST നിരക്ക് ക്രമീകരണം മാത്രമല്ല ഇപ്പോൾ നടത്തിയിരിക്കുന്നതെന്നും ഘടനാപരമായ പരിഷ്കരണങ്ങളാണ് വരുത്തിയിരിക്കുന്നത്. ജീവിതം സുഗമമാക്കാനും വ്യാപാര സംരംഭങ്ങൾ പ്രശ്നരഹിതമായി കൊണ്ടുപോകാനും പരിഷ്കരണങ്ങൾ സഹായിക്കുമെന്നും ഡോ. മുരുകൻ അഭിപ്രായപ്പെട്ടു.

✪✪✪

പൊതുജനാരോഗ്യവും ചികിത്സാ ചെലവ് കുറയ്ക്കുന്നതുമായ തീരുമാനങ്ങളാണ് GST പരിഷ്കരണത്തിലൂടെ ഗവൺമെന്റ് കൊണ്ടുവന്നതെന്ന് ഔഷധ നിർമ്മാണ മേഖല വിലയിരുത്തി. ജീവൻ രക്ഷാ മരുന്നുകൾക്കും മറ്റ് മരുന്നുകൾക്കും അഞ്ച് ശതമാനം മാത്രം GST ഈടാക്കാൻ എടുത്ത തീരുമാനം സമയോചിതവും വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതുമാണെന്ന് ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അലൈൻസ് സെക്രട്ടറി ജനറൽ സുദർശൻജെയിൻ പറഞ്ഞു. മറ്റ് ഫാർമാ സംഘടനകളും GST പരിഷ്കരണത്തെ സ്വാഗതം ചെയ്തു.

✪✪✪

മാനവികതയുടെയും സാഹോദര്യത്തിന്റെയും നേർ ക്കണ്ണാടിയാണ് ഓണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നവ കേരളസങ്കല്പം പഴയ ഓണസങ്കല്പത്തേക്കാൾ ഐശ്വര്യസമൃദ്ധമായ പുതു കേരളത്തെ സൃഷ്ടിക്കുന്നതാണെന്ന് തിരുവനന്തപുരത്ത് സംസ്ഥാന ഗവൺമെന്റിന്റെ

ഓണം വാരാഘോഷം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യവെ മുഖ്യമന്ത്രി പറഞ്ഞു.

ഭക്ഷ്യ വിഭവ ലഭ്യത ഉറപ്പുവരുത്തിയും, ഓണം വിപണി സജീവമാക്കിയും, ഓണത്തെ ജനകീയോത്സവമാക്കി മാറ്റാൻ ഗവൺമെന്റ് എല്ലാ ശ്രമവും നടത്തുന്നുണ്ട്. 60 ലക്ഷം ആളുകൾക്ക് ഓണക്കാലത്ത് പെൻഷൻ വിതരണം ചെയ്തു. കേന്ദ്രഫണ്ട് ലഭിച്ചതോടെ നെൽ കർഷകർക്ക് സംഭരിച്ച നെല്ലിന്റെ പണം ഉടൻ തന്നെ  കൊടുത്തു തീർക്കാൻ കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് സംസ്ഥാന തലത്തിൽ ഇന്നലെ ആരംഭിച്ച ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ ഒൻപതു വരെ തുടരും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ സ്മിതി M പള്ളുരുത്തി.

......വോയ്സ്.........

തിരുവനന്തപുരത്ത് 33 വേദികളിലായി പതിനായിരത്തോളം കലാകാരൻമാരാണ് ഇത്തവണത്തെ ഓണാഘോഷ പരിപാടികളുടെ ഭാഗമാകുന്നത്.  പരമ്പരാഗത കലാരൂപങ്ങൾക്കൊപ്പം ആധുനീക ദൃശ്യ, സംഗീത പരിപാടികളും അരങ്ങേറും. മൂന്നു ദിവസങ്ങളിൽ ഡ്രോൺ ഷോയും ഉണ്ടാകും. ഓണം വാരാഘോഷത്തിനു സമാപനം കുറിച്ചുള്ള ഘോഷയാത്ര ഒൻപതാം തീയ്യതി വൈകിട്ട് മാനവീയം വീഥിയിൽ നിന്നു കിഴക്കേ കോട്ട വരെ നടത്തും. 150 ഓളം ഫ്ളോട്ടുകളാവും ഇതിൽ അണി നിരക്കുക.  ഗ്രീൻ പ്രോട്ടോകോൾ പാലിച്ചായിരിക്കും ഈ പരിപാടികളെല്ലാം നടത്തുക.

✪✪✪

തിരുവോണപ്പുലരിയിലേക്ക് ഇനി മണിക്കൂറുകൾ മാത്രം. നാടും നഗരവും മാവേലി മന്നനെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു. ഓണത്തിരക്കിന്റെ പരമാവധിയാണ് ഉത്രാടനാളിന്റെ പ്രത്യേകത. നാളത്തെ തിരുവോണ സദ്യക്ക് ചമയങ്ങളൊരുക്കാനും മറന്നതൊക്കെ വാങ്ങിത്തീർക്കാനും ആകെ ശേഷിക്കുന്നത് ഇന്നത്തെ ഒരു പകൽമാത്രം. അവസാന നിമിഷവും ഓണക്കോടിയും പായസ സാധനങ്ങളും പാലും പച്ചക്കറിയും വാങ്ങാൻ അങ്ങാടികളിൽ ഇന്ന് തിരക്ക് പൊടിപൊടിക്കും. ഉത്രാടപ്പാച്ചിലെന്ന ശൈലിപോലും ഈയൊരു ദിവസത്തെ തിരക്കിൽ നിന്നാണ് ഉണ്ടായത്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ...

......വോയ്സ്.........

പൊന്നോണം ആഘോഷിക്കാൻ അത്തം മുതൽ പത്ത് നാൾ നീണ്ട് നിൽക്കുന്ന ഒരുക്കത്തിൽ, നാടും നഗരവും ഏറ്റവും സജീവമാകുന്നത് ഉത്രാട ദിവസമായ ഇന്നാണ്. നാളത്തെ ആഘോഷത്തിനുള്ള സാധനങ്ങൾ വാങ്ങാനുള്ള തിരക്കിലാകും എല്ലാവരും. സദ്യയ്ക്കുള്ള പച്ചക്കറി, പലചരക്ക്, പഴം തുടങ്ങിയവ വാങ്ങാനും ഓണക്കോടിയെടുക്കാനും പൂക്കളമൊരുക്കാൻ പൂ വാങ്ങാനുമെല്ലാം മലയാളികൾ ഇന്ന് നടത്തുന്നത് ഒരു ഓട്ടപാച്ചിൽ തന്നെയാകും. ഉത്രാട ദിവസം വൈകിട്ടാണ് ഏറ്റവും തിരക്ക് അനുഭവപ്പെടുക. ഉത്രാട'ദിവസത്തെ പൂക്കളത്തിനുമുണ്ട് പ്രത്യേകത. ഏറ്റവും വലിയ പൂക്കളങ്ങൾക്ക് തുടക്കം കുറിക്കുന്നതും ഇന്നാണ്. വിപണിയിൽ ഏറ്റവും കൂടുതൽ തിരക്കേറുന്ന ദിവസം കൂടിയാണ് ഇന്ന്. പൂരാട ദിനമായ ഇന്നലെയും വ്യാപാര സ്ഥാപനങ്ങളിലും മറ്റും വൻതിരക്കാണ് അനുഭവപ്പെട്ടത്.

✪✪✪

മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് ഉത്സവബത്തയായി 7,000 രൂപ വീതവും, താൽക്കാലിക ജീവനക്കാർക്ക് പരമാവധി 3,500 രൂപയും അനുവദിക്കുമെന്ന് ബോർഡ് പ്രസിഡന്റ് OK വാസു മാസ്റ്റർ അറിയിച്ചു. ഉത്സവബത്തക്ക് തക്ക വരുമാനം ഇല്ലാത്ത ഗ്രേഡ് മൂന്ന്, ഗ്രേഡ് നാല് ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ആനുകൂല്യം നൽകും.

✪✪✪

ഇന്ന് നടത്താനിരുന്ന ഉത്രാടം തിരുന്നാൾ ജലമേളക്ക് പത്തനംതിട്ട ജില്ലാ കളക്ടർ അനുമതി നിഷേധിച്ചു. ജലമേള തിരുവോണ തോണിയുടെ പോക്കും വരവും തടസ്സപ്പെടുത്താൻ സാധ്യതയുണ്ടെന്ന് കാണിച്ചാണ് കളക്ടർ അനുമതി നിഷേധിച്ചത്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ട്രിവാൻഡ്രം റോയൽസ്, ആലപ്പി റിപ്പിൾസിനെ 110 റൺസിന് പരാജയപ്പെടുത്തി. രണ്ടാമത്തെ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, ഏരീസ് കൊല്ലം സെയിലേഴ്സിനെ ആറ് വിക്കറ്റിനും തോൽപ്പിച്ചു. ഇന്ന് ആലപ്പി റിപ്പിൾസ്,കൊല്ലം സെയിലേഴ്സിനെ നേരിടും. വൈകിട്ട് കാലിക്കറ്റ്,തൃശൂരുമായി മത്സരിക്കും.

✪✪✪

നാഷണൽ ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് മലബാർ മേഖലാ കമ്മിറ്റി മഞ്ചേരിയിൽ 300 ഓളം കാഴ്ചാപരിമിതർക്ക് ഭക്ഷ്യകിറ്റുകളും ഓണക്കോടികളും വിതരണം ചെയ്തു. തുടർന്ന് കാഴ്ചാപരിമിതരുടെ

കലാവിരുന്നും ഒരുക്കിയിരുന്നു. സംഘടനയുടെ ഓണാഘോഷ പരിപാടി UA ലത്തീഫ് MLA ഉദ്ഘാടനം ചെയ്തു.

✪✪✪

ലക്ഷദ്വീപിലെ കടമത്ത് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളജിലെ 56 വിദ്യാർത്ഥിൾക്ക് നൽകിയ ഇന്റേൺഷിപ്പിന്റെ പൂർത്തീകരണ പരിപാടിയും യാത്രയയപ്പും എറണാകുളത്ത് സംഘടിപ്പിച്ചു. കേരളത്തിലെ പ്രമുഖ പഞ്ച നക്ഷത്ര ഹോട്ടലുകളിലായിരുന്നു വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയത്. ഹോട്ടൽ വ്യവസായ മേഖല അപ്രന്റിസ് ഷിപ്പ് അവസരങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാനപ്രകാരമാണ് പരിശീലനം സംഘടിപ്പിച്ചത്. ടൂറിസം മന്ത്രാലയത്തിന്റെ റീജിണൽ ഡയറക്ടർ വെങ്കടേശ്വൻ ദത്താത്രയൻ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

✪✪✪

ഇടുക്കി അയ്യപ്പൻകോവിൽ തൂക്കുപാലത്തിൽ ഒരേസമയം 25 പേരിൽ കൂടുതൽ കയറുന്നത് നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. തൂക്കുപാലത്തിന്റെ ബലക്ഷയം മുൻനിർത്തിയാണ് തീരുമാനം. ഉത്തരവ് കർശനമായി നടപ്പാക്കാൻ ഇടുക്കി ജില്ലാ പൊലീസ് മേധാവിക്കും റവന്യൂ ഉദ്യോഗസ്ഥർക്കും നിർദേശം നൽകി.

✪✪✪

കാസർകോട് ജില്ലയിലെ പരപ്പ ആസ്പിരേഷൻ ബ്ലോക്ക് പരിധിയിൽ മസ്തിഷ്ക രോഗങ്ങൾക്കും, പാർക്കിൻസൺസ്, അപസ്മാരം, ഡിമെൻഷ്യ, തുടങ്ങിയ രോഗങ്ങൾക്കും തുടർചികിത്സയ്ക്കും മറ്റ് തൊറാപ്പികൾക്കും ബ്രെയിൻ ഹെൽത്ത് ഇനിഷ്യേറ്റീവ് ആരംഭിക്കും. രാജ്യത്തെ 12 അഭിലാഷ ജില്ലകളിലാണ് നിലവിൽ ഈ സൗകര്യം ലഭിക്കുന്നത്. ആദ്യമായാണ് അഭിലാഷ ബ്ലോക്കിന് ഇത്തരം സംവിധാനം ലഭ്യമാകുന്നത്.

✪✪✪

ആലപ്പുഴയിൽ CPI സംസ്ഥാന സമ്മേളനത്തിന് പതാക ഉയർന്നു. ആലപ്പുഴ കടപ്പുറത്ത് വിപ്ലവ ഗായിക PK മേദിനി പതാക ഉയർത്തി.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*